# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 09 2019




## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

### *പാണ്ടിത്താവളത്ത് മകരജ്യോതി ദർശനത്തിന് സൗകര്യം ഒരുങ്ങുന്നു*

ശബരിമല പാണ്ടിത്താവളത്ത് മകരജ്യോതി ദർശനത്തിനായി ഭക്തർക്ക് വിരിവയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുങ്ങുന്നു. 75000 പേർക്ക് വിരിവയ്ക്കാനുള്ള സൗകര്യങ്ങളാണ് പ്രാഥമികമായി ഒരുക്കുന്നത്. മകരവിളക്കിന്റെ സുരക്ഷാ ക്രമീകരണവുമായി ബന്ധപ്പെട്ട് ഐ.ജി ബൽറാം കുമാർ ഉപാദ്ധ്യായയുടെ സാന്നിധ്യത്തിൽ സന്നിധാനത്ത് ചേർന്ന അവലോകന യോഗം ഇതുസംബന്ധിച്ച പുരോഗതി വിലയിരുത്തി.

അപകട സാധ്യത കണക്കിലെടുത്ത് തീർഥാടകരെ ഉയരമുള്ള കെട്ടിടങ്ങളുടെയും മരങ്ങളുടെയും മുകളിൽ കയറി ജ്യോതി ദർശിക്കാൻ അനുവദിക്കില്ലെന്ന് പോലീസ് വ്യക്തമാക്കി. ഇക്കാര്യം ഉറപ്പു വരുത്താൻ പ്രത്യേകം ഉദ്യോഗസ്ഥരെ നിയോഗിക്കും. മകരജ്യോതി ദർശനത്തിനായി എത്തുന്ന തീർഥാടകർക്ക് സുഗമമായ ദർശനം ലഭിക്കാൻ സജ്ജമാക്കിയിട്ടുള്ള സ്ഥലങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങളും യോഗം വിലയിരുത്തി. നിലവിൽ സന്നിധാനത്തും പരിസരത്തുമായി എട്ട് വ്യൂ പോയിന്റുകളാണ് ഉള്ളത്. നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന പോലീസ് സുരക്ഷാ ക്രമീകരണങ്ങളിൽ യോഗം തൃപ്തിരേഖപ്പെടുത്തി. ആവശ്യമെങ്കിൽ മകരവിളക്കിനോടനുബന്ധിച്ച് പ്രത്യേക സുരക്ഷക്കായി ഒരു കമ്പനി പോലീസിനെ കൂടി വിന്യസി

ക്കാനും തീരുമാനിച്ചു. പോലീസിന്റെ ഡി ബാച്ചാണ് സന്നിധാനത്തും പരിസരത്തും പന്ത്രണ്ട് ഡിവിഷനുകളിലായി സുരക്ഷയൊരുക്കുന്നത്. മൂന്ന് എസ്.പിയും, 18 ഡി.വൈ.എസ്.പിയും ,36 സി.ഐ, 125 എസ്.ഐ. 1575 പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടെ 2275 പേരാണ് സുരക്ഷാ ചുമതലയിലുള്ളത്. യോഗത്തിൽ എസ്.പിമാരായ സുജിത്ത് ദാസ്, സുനിൽബാബു, വി.അജിത്ത്, പോലീസ്,അർധസൈനിക വിഭാഗം ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

***(പി.ആർ. ശബരി-423)***

## *തിരുവാഭരണ ഘോഷയാത്ര ക്രമീകരണങ്ങൾ വിലയിരുത്തി*

തിരുവാഭരണ ഘോഷയാത്രയ്ക്ക് മുന്നോടിയായി വിവിധ സർക്കാർ വകുപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ അടൂർ എംഎൽഎ ചിറ്റയം ഗോപകുമാറിന്റെ അധ്യക്ഷതയിൽ പന്തളം ദേവസ്വം ഹാളിൽ ചേർന്ന യോഗം വിലയിരുത്തി. തിരുവാഭരണ ഘോഷയാത്ര പന്തളം ശ്രീ വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്നും ഈ മാസം 12ന് ഉച്ചയ്ക്ക് ഒരു മണിയ്ക്ക് പുറപ്പെടും. തിരുവാഭരണ ഘോഷയാത്രയുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ
കഴിഞ്ഞവർഷത്തേക്കാൾ കൂടുതൽ പോലീസ് സേനയെ ഇന്ന് മുതൽ വിന്യസിക്കും. കൂടാതെ തിരുവാഭരണ ഘോഷയാത്രയ്ക്ക് സംരക്ഷണമൊരുക്കുന്നതിനായി പോലീസ്, അഗ്നിശമന സേനാവിഭാഗം, മെഡിക്കൽ, റവന്യൂ വിഭാഗം എന്നിവരടങ്ങുന്ന പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതായി അടൂർ ആർഡിഒ എം.എ റഹീം അറിയിച്ചു. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിലുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായതായും അദ്ദേഹം അറിയിച്ചു.

ഘോഷയാത്രയ്ക്ക് അകമ്പടി പോകുന്ന സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുമെന്ന് എംഎൽഎ പറഞ്ഞു. ഇതിന്റെ ഭാഗമായി ളാഹ, അയിരൂർ എന്നിവിടങ്ങളിൽ താൽക്കാലിക ടോയ്‌ലറ്റുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അധികൃതർക്ക് നിർദേശം നൽകി. പന്തളം തൂക്കുപാലത്തിൽ ആളുകൾ കയറിനിൽക്കുന്നത് നിയന്ത്രിക്കുമെന്നും എംഎൽഎ പറഞ്ഞു.

പന്തളം കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ ജീവനക്കാരെയും നിയോഗിക്കുമെന്ന് ഡെപ്യൂട്ടി ഡിഎംഒ ഡോ സി.എസ് നന്ദിനി അറിയിച്ചു. തീർഥാടന പാതകളിൽ ആവശ്യമായ വഴിവിളക്കുകൾ സജ്ജമായിട്ടുണ്ടെന്ന് കെഎസ്ഇബി അറിയിച്ചു. ഘോഷയാത്ര കടന്നുപോകുന്ന പാതകളിൽ കുടിവെള്ളം വാട്ടർ അതോറിറ്റിയും പഞ്ചായത്തും ലഭ്യമാക്കും. അഗ്നിശമനവിഭാഗം എല്ലാവിധ മുൻകരുതലുകളുമായി സജ്ജമാണ്. കൂടാതെ ഇവർ പന്തളത്തും, അനുബന്ധ പാതകളിലും പൊടി ശമിപ്പിക്കുന്നതിനായി വെള്ളം തളിക്കും. പ്രദേശത്ത് എക്സൈസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.

സർക്കാർ വകുപ്പുകളുടെ ക്രമീകരണങ്ങൾക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നതിന് അടൂർ അർഡിഒയെ എംഎൽഎ ചുമതലപ്പെടുത്തി. പന്തളം മുനിസിപ്പൽ ചെയർപേഴ്സൺ ടി.കെ സതി, കൗൺസിലർ കെ.വി പ്രഭ, നഗരസഭ സെക്രട്ടറി എസ്. സനിൽ, പന്തളം കൊട്ടാരം നിർവാഹക സമിതി പ്രസിഡന്റ് പി.എൻ നാരായണവർമ്മ, സെക്രട്ടറി ശശികുമാരവർമ്മ, വലിയകോയിക്കൽ ക്ഷേത്ര ഉപദേശക സമിതി പ്രസിഡന്റ് ജി. പ്രഥിപാൽ, സെക്രട്ടറി ശരത്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

***(പി.ആർ. ശബരി-424)***

## ***എക്സൈസ് സ്ക്വാഡ് 38 കേസുകൾ രജിസ്റ്റർ ചെയ്തു***

ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ എക്സൈസ് സ്ക്വാഡ് നടത്തിയ പരിശോധനകളിൽ പുകവലി നിരോധന നിയമ പ്രകാരം 38 കേസുകൾ രജിസ്റ്റർ ചെയ്തു. പിഴയായി 7,600 രൂപയും ചുമത്തി. ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട വിവരങ്ങൾ 04735 203432, 205010, 202203 എന്നീ നമ്പറുകളിൽ അറിയിക്കണമെന്ന് എക്സൈസ് അധികൃതർ അറിയിച്ചു.

***(പി.ആർ. ശബരി-425)***

## ***പൂങ്കാവനം പ്ലാസ്റ്റിക് മുക്തമാക്കാൻ പൊലീസിന്റെ ലഘുലേഖ***

പൂങ്കാവനം പ്ലാസ്റ്റിക് മുക്തമാക്കേണ്ടതിന്റെ പ്രാധാന്യം മലകയറിയെത്തുന്ന അയ്യപ്പ ഭക്തർക്കു പകർന്നു നൽകുന്നതിന് ലഘുലേഖകളുമായി പോലീസ്. പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായാണ് പ്രചാരണം സംഘടിപ്പിച്ചത്. രാവിലെ ഒൻപതു മുതൽ 10 വരെയായിരുന്നു സന്നിധാനത്തെ പോലീസിന്റെ ശുചീകരണ ബോധവൽക്കരണ പരിപാടികൾ അരങ്ങേറിയത്.

അയ്യന് നിവേദിക്കാൻ അവലും മലരും കൊണ്ടുവരുന്നതിന് പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ ഉപയോഗിക്കരുതെന്നും ഭക്ഷണ പദാർഥങ്ങളും മറ്റും അലക്ഷ്യമായി വലിച്ചെറിയുന്നത് ഒഴിവാക്കണമെന്നും പോലീസ് ഭക്തരോട് അഭ്യർഥിച്ചു. വന്യജീവികളുടെ നിലനിൽപ്പിനും വനത്തിന്റെ സന്തുലിതാവസ്ഥയ്ക്കും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഭീഷണിയാകുന്ന കാര്യവും പോലീസ് ഭക്തരുടെ ശ്രദ്ധയിൽപ്പെടുത്തി. അസിസ്റ്റന്റ് കമാൻഡന്റ് പി.എച്ച് സജിയുടെ നേതൃത്വത്തിലായിരുന്നു ബോധവൽക്കരണവും ശുചീകരണവും നടന്നത്.

***(പി.ആർ. ശബരി-426)***

## *ദേവസ്വം ബോർഡംഗം മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ചു*

ശബരിമലയിലെ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് ദേവസ്വം ബോർഡ് അംഗം അഡ്വ.എൻ വിജയകുമാർ സന്ദർശിച്ചു. ശബരിമലയിലേയും പരിസരങ്ങളിലേയും ശൗചാലയങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ മുഴുവൻ മാലിന്യ സംസ്കരണ പ്ലാന്റിലെത്തിക്കാൻ സഹായിക്കുന്ന ശൃംഖലയുടെ നിർമ്മാണം പൂർത്തീകരിച്ച ഉദ്യോഗസ്ഥരെ അദ്ദേഹം അഭിനന്ദിച്ചു. കോളിഫോം ബാക്ടീരിയയുടെ തോത് കുറക്കാൻ ഇതുവഴി സാധിച്ചെന്നും അദ്ദേഹം പറഞ്ഞു. ദേവസ്വം ബോർഡ് ഫിനാൻസ് വിഭാഗം തലവൻ കെ.എസ് വിനോദും ഒപ്പമുണ്ടായിരുന്നു. മാലിന്യ സംസ്കരണ പ്ലാന്റ് ജൈവമാർഗങ്ങൾ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്.

***(പി.ആർ. ശബരി-427)***

## ***ഫോട്ടോ അടിക്കുറിപ്പ്***

തിരുവാഭരണ ഘോഷയാത്രയ്ക്ക് മുന്നോടിയായി വിവിധ സർക്കാർ വകുപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് അടൂർ എംഎൽഎ ചിറ്റയം ഗോപകുമാറിന്റെ അധ്യക്ഷതയിൽ പന്തളം ദേവസ്വം ഹാളിൽ ചേർന്ന യോഗം

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.